മുകുന്ദരാജയുടെ കൊട്ടാരം ഏറ്റെടുക്കൽ നടപടി

113 [1458] ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാമണ്ഡലത്തിന്റെ സ്ഥാപകരിലൊരാളായ മണക്കുളം മുകന്ദരാജയുടെ കൊട്ടാരം ഏറ്റെടുക്കാൻ സാംസ്കാരിക വകുപ്പിന് പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റെടുക്കാൻ ഉദ്ദേശിക്കുണ്ടെങ്കിൽ സാംസ്കാരിക വകുപ്പ് ഈ കെട്ടിടം എന്താവശ്യത്തിനാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും വില ജില്ലാ കളക്ടർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അതിനേക്കാൾ ഇരട്ടിയോളം തുക വില നൽകിയാൽ ഭൂമി കൈമാറാമെന്ന് ഉടമ സമ്മതപത്രം നൽകിയിട്ടുണ്ട്.

(സി) സ്ഥലം വാങ്ങാൻ കഴിഞ്ഞാൽ അത് കലാമണ്ഡലത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കാനാണ് ഉദ്ദേശ്യം.

സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കാൻ നടപടി

114 [1459] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഒരു സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. അന്തിമ തീരുമാനമായിട്ടില്ല.

സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച്

115 [1460] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly